ആർ. എം. എസ്. എ. പദ്ധതി

70 (7037) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റുഡി ലൂയിസ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സെക്കന്ററി വിദ്യാഭ്യാസം വ്യാപകമാക്കുന്നതിനും ഇതിന്റെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ എന്നും എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) പ്രധാനമായും 3 കാര്യങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. (എ) കുട്ടികൾക്ക് എത്തിച്ചേരാനുള്ള എളുപ്പം (ബി) തുല്യത (സി) ഗുണനിലവാരം

(എ) കുട്ടികൾക്ക് എത്തിച്ചേരാനുള്ള എളുപ്പം : 5 കിലോമീറ്ററിനുള്ളിൽ കുട്ടികൾക്ക് സെക്കന്ററി സ്കൂൾ ഉറപ്പാക്കുക,അതിനായി യു.പി.സ്കൂളുകൾ ഹൈസ്കൂളായി ഉയർത്തുക, നിലവിലുള്ള ഹൈസ്കൂളുകളിൽ പുതിയ ക്ലാസ് മുറികൾ, ലബോറട്ടറികൾ, ലൈബ്രറികൾ, കമ്പ്യൂട്ടർ മുറികൾ, പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രത്യേകം ടോയ്ലെറ്റുകൾ, അധികമായി ആവശ്യമുള്ള അദ്ധ്യാപകരെ നിയമിക്കുക.

(ബി) തുല്യത : പെൺകുട്ടികളുടെയും എസ്.സി/എസ്.ടി. മൈനോറിറ്റി വിഭാഗത്തിന്റെയും വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക.

(സി) ഗുണനിലവാരം. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, ലൈബ്രറികൾ, ടീച്ചേഴ്സ് ഇൻസർവ്വീസ്, അഡീഷണൽ ടീച്ചേഴ്സിന്റെ നിയമനം, എച്ച്.എം.മാരുടെ ട്രെയിനിംഗ്, പാഠ്യപദ്ധതി പരിഷ്ക്കരണം, സയൻസിനും കണക്കിനും പ്രാധാന്യം കൊടുക്കുക, കമ്പ്യൂട്ടർ സഹായത്തോടെയുള്ള വിദ്യാഭ്യാസം, കൊ-കരിക്കുലർ ആക്ടിവിറ്റി, ടീച്ചിംഗ് ലേണിംഗ് എന്നിവയിൽ മീഡിയൽ ടീച്ചിംഗ് തുടങ്ങിയവ നടപ്പാക്കുക, പുതിയ ക്ലാസ് മുറികൾ, ലൈബ്രറി, സയൻസ് ലബോറട്ടറി, കമ്പ്യൂട്ടർ മുറി, ടോയ്ലെറ്റ്, ബ്ലോക്ക്, കുടിവെള്ളം, വൈദ്യുതി, ടെലിഫോൺ എന്നീ സ്കൂൾ ഇൻഫ്രാസ്ട്രക്ച്ചർ വികസിപ്പിക്കുക തുടങ്ങിയവ.

(ബി) ഉദ്ദേശമുണ്ട്. കേരളത്തിലെ സ്കൂളുകൾക്ക് ആവശ്യമായ ആനുകൂല്യങ്ങൾ, നേടിയെടുക്കുന്നതിന് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ നോംസ് അനുസരിച്ച് ഓരോ വർഷവും പദ്ധതിരേഖ

LIBRARY ARCHIVES Kerala Legislative Assembly